**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65** **30-06-2022 - ൽ മറുപടിയ്ക്ക്**

**എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗ സഹകരണസംഘങ്ങൾ, സഹകരണ ഫാമുകൾ തുടങ്ങിയവയുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനും പദ്ധതിയുണ്ടോ; | (എ) | സംസ്ഥാനത്തെ പട്ടികഗോത്രവർഗ്ഗ സംഘങ്ങളുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനും എസ്.സി/എസ്.ടി ഫെഡറേഷനിൽ പദ്ധതി നിലവിലുണ്ട്. അനുബന്ധം - I ആയി ചേർക്കുന്നു. കൂടാതെ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം - II ആയി ചേർക്കുന്നു. |
| (ബി) | ഗോത്ര ജീവിതക്കാഴ്ചകൾ വിനോദസഞ്ചാരവുമായി സമന്വയിപ്പിച്ചുകൊണ്ട് വയനാട് പൂക്കോട് ആരംഭിച്ച എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (ബി) | വയനാട് ജില്ലയിലെ വൈത്തിരി താലൂക്ക് കന്നത്തിടവക വില്ലേജ്, ബ്ലോക്ക് 25, റീസ 172/pt-ൽ പെടുന്ന 10.1214 ഹെക്ടർ ഭൂമിയിൽ ആരംഭിച്ച 'എൻ ഊര്' ട്രൈബൽ ഹെറിറ്റേജ് വില്ലേജ് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട ഉപജീവനമാർഗ്ഗം എന്ന ലക്ഷ്യം മുൻനിർത്തിയുള്ളതാണ്. 2022 ജൂൺ 4 ന് പദ്ധതി നാടിന് സമർപ്പിച്ചു.<br><br>ഒരു മോഡൽ ട്രൈബൽ വില്ലേജ് പുനഃസൃഷ്ടിച്ച് പരമ്പരാഗത ആദിവാസി ജീവിതരീതി, ആചാരാനുഷ്ഠാനങ്ങൾ, കലാരൂപങ്ങൾ മുതലായവ പുറംലോകത്തിന് പരിചയപ്പെടുത്തുന്നതും മെച്ചപ്പെട്ട ജീവിതമാർഗ്ഗവും, വരുമാനവും ലക്ഷ്യമിട്ടുള്ളതും തീർത്തും പ്രകൃതി സൗഹൃദപരവുമായ 'എൻ ഊര്' പദ്ധതിയിൽ 50 പട്ടികവർഗ്ഗക്കാർക്ക് പ്രത്യക്ഷമായും ആയിരത്തോളം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പരോക്ഷമായും മെച്ചപ്പെട്ട ജീവിത/തൊഴിൽ സാഹചര്യം സൃഷ്ടിക്കുന്നതാണ്. മാനന്തവാടി സബ് കളക്ടറുടെ അദ്ധ്യക്ഷതയിൽ പൊഴുതന ഗ്രാമപഞ്ചായത്തിലെ ഊര് മൂപ്പന്മാർ അംഗങ്ങളായി സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന 'എൻ ഊര്' സൊസൈറ്റിയുടെ പ്രവർത്തനത്തിന് വൈത്തിരി, |

| | | | |
|---|---|---|---|
| | | | പൊഴുതന ഗ്രാമപഞ്ചായത്തുകളിലെ ഊര് മൂപ്പന്മാരടങ്ങിയ ഭരണ സമിതിയാണ് നേതൃത്വം നൽകുന്നത്. |
| (സി) | സാംസ്കാരികോദ്ദ്യതനത്തിനും വരുമാനദായകമായ മികച്ച തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും സഹായകരമായ പ്രസ്തുത പദ്ധതി മറ്റു പ്രദേശങ്ങളിൽ കൂടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വന വിഭവങ്ങൾക്കും ഗോത്രവർഗ്ഗക്കാരുടെ ഉല്പന്നങ്ങൾക്കും മികച്ച വിപണി ഉറപ്പാക്കാൻ പരിപാടിയുണ്ടോ; വിശദമാക്കാമോ? | (സി) | സമാനമായ പദ്ധതികൾ മറ്റ് സ്ഥലങ്ങളിൽ നടപ്പിലാക്കുന്ന വിഷയം തല്ക്കാലം പരിഗണനയിലില്ല. എന്നാൽ ഇത് പരിഗണിക്കാവുന്നതാണ്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത കലാരൂപങ്ങളുടെ പ്രദർശനത്തിനും, വനവിഭവങ്ങളുടെയും ഗോത്ര ഉത്പന്നങ്ങളുടെയും പ്രദർശനത്തിനും വിപണനത്തിനുമായി എല്ലാ വർഷവും 'ഗദ്ദിക' എന്ന പേരിൽ ഒരു മേള വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഉത്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി എറണാകുളം ജില്ലയിൽ ട്രൈബൽ കോംപ്ലക്സും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് ഇൻ എയ്ഡ് ഇനത്തിൽ ഫെഡറേഷന് അനുവദിക്കുന്ന തുക ഫെഡറഷൻ അംഗസംഘങ്ങൾക്ക് വനവിഭവ ശേഖരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വിനിയോഗിക്കുന്നു. ഫെഡറേഷനിൽ അഫിലിയേഷൻ നൽകിയിട്ടുള്ള 103 പട്ടികവർഗ്ഗ സംഘങ്ങളിൽ 30 സംഘങ്ങൾ അവയുടെ പ്രാഥമിക അംഗങ്ങൾ ആയ ഗോത്രവർഗ്ഗക്കാർ ശേഖരിക്കുന്ന വനവിഭവങ്ങൾ സംഭരിച്ച് ഫെഡറേഷൻ വഴി പരമാവധി വിപണി വില വാങ്ങി നൽകുവാൻ കഴിയുന്നുണ്ട്. ആയതു പ്രകാരം ടി വിഭാഗക്കാരുടെ ഉപജീവനമാർഗ്ഗം കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

താഴെ പറയുന്ന പദ്ധതികൾ നടത്തി വരുന്നു.

1. വനവിഭവ ശേഖരണം നടത്തുന്ന ഗോത്ര വർഗ്ഗക്കാർക്ക് സുസ്ഥിര ശേഖരണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും, സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള പരിശീലനം, ഉപകരണങ്ങളുടെ വിതരണം എന്നിവ നടപ്പാക്കിയിട്ടുണ്ട്.

2. വനവിഭവ ശേഖരണ റിവോൾവിംഗ് ഫണ്ട് രൂപീകരണ പദ്ധതി

   വനവിഭവ ശേഖരണ വില ഗോത്ര വർഗ്ഗക്കാർക്ക് ഉടൻ പണമായി നൽകുന്നതിന് സഹായകരം ആയി മുൻകാലങ്ങളിൽ വനവിഭവ ശേഖരണ അഡ്വാൻസ് നൽകിയിരുന്നത് ഏറെ നാളായി പദ്ധതി സഹായം ലഭിക്കാത്ത കാരണത്താൽ മുടക്കം വന്നതിന് പരിഹാരമായി പട്ടികവർഗ്ഗ സംഘങ്ങളിൽ റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള പദ്ധതി സഹായമായി ആകെ 150 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ അനുമതി ലഭ്യമായതും, എന്നാൽ സർക്കാർ കുടിശ്ശിക നിലനിൽക്കുന്നതിനാൽ പദ്ധതി നിർദ്ദേശം അനുവദിക്കുന്നതിന് തടസ്സം നേരിട്ടിട്ടുണ്ട്.

3. ഫെഡറേഷന്റെ കീഴിൽ വനവിഭവ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി ഒരു പ്രത്യേക ഡിവിഷൻ ആരംഭിച്ചു. അംഗസംഘങ്ങൾ മുഖേന ഗോത്ര വർഗ്ഗക്കാർക്ക് പരിശീലനം നൽകി വിഭവങ്ങൾക്ക് കൂടുതൽ വിപണന മൂല്യം കണ്ടെത്തുന്നതിനും അതുവഴി വരുമാന വർദ്ധനവ് ഉണ്ടാക്കാൻ കഴിയുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രാരംഭമായി വനമാലിക ബ്രാന്റ് ഓർഗാനിക് തേൻ, കുന്തിരിക്കം ഉപയോഗിച്ചുള്ള അഗർബത്തി എന്നിവ ടെസ്റ്റ് മാർക്കറ്റിംഗ് ആരംഭിച്ചു. ഇതിലേക്ക് കാർഷിക സർവ്വകലാശാല, വന ഗവേഷണ കേന്ദ്രം എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം – II

സംസ്ഥാനത്തെ പട്ടികഗോത്രവർഗ്ഗ സംഘങ്ങളുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനുമായി സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000/- രൂപ നിരക്കിൽ ആദ്യ 5 വർഷവും ടി അഞ്ചു വർഷക്കാലയളവിനുള്ളിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.
2. സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി പരമാവധി 5 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നു.
3. സംഘങ്ങളുടെ ഓഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നു.
4. സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനമായി പരമാവധി 4 ലക്ഷം രൂപ അനുവദിക്കുന്നു.
5. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ (ഓഹരി – 5 ലക്ഷം രൂപ + സബ്സിഡി – 15 ലക്ഷം രൂപ) അനുവദിച്ച് വരുന്നു.
6. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് 5 ലക്ഷം രൂപ (ഓഹരി – 1,50,000/- രൂപ + സബ്സിഡി – 3,50,000/- രൂപ) അനുവദിച്ച് വരുന്നു.
7. നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40 ലക്ഷം രൂപ (ഓഹരി – 10 ലക്ഷം രൂപ + വായ്പ – 30 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.
8. കൂടാതെ ടി സംഘങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ച് അവയെ ലാഭകരമാക്കി തീർക്കുകയെന്ന ലക്ഷ്യത്തോടെ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപ (ഓഹരി – 20 ലക്ഷം രൂപ + സബ്സിഡി – 30 ലക്ഷം രൂപ) അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്.
9. ഇതിനുപുറമെ റിവോൾവിംഗ് ഫണ്ടിനത്തിലും ടി സംഘങ്ങൾക്ക് പരമാവധി 5 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.
10. സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജ്ജനി പദ്ധതിയ്ക്ക് 04.05.2022 ലെ സ.ഉ(സാധാ)നം.306/2022/സഹ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകുകയും ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്കു 85% തുക (സബ്സിഡി – 50%, ഓഹരി – 35%) ധനസഹായമായി അനുവദിക്കുന്നതിന് ഉത്തരവായിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ